**KERALA POLICE INFORMATION CENTRE**

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.248/PR/PIC/PHQ/18 Date:02.10.2018

---

## ഗാന്ധിജയന്തി: പോലീസ് ആസ്ഥാനത്ത് സംസ്ഥാന പോലീസ് മേധാവി ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി

സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ രണ്ടുമുതൽ എട്ടുവരെ നടക്കുന്ന ഗാന്ധിജയന്തി വാരാഘോഷങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും എ ആർ ക്യാമ്പുകൾ, പോലീസ് ക്വാർട്ടേഴ്സുകൾ എന്നിവിടങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ നടന്നു. ഇതിന് പുറമേ മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ എന്നിവയുമായി സഹകരിച്ച് പൊതുസ്ഥലങ്ങളുടെ ശുചീകരണത്തിനും വിവിധ ജില്ലകളിൽ പോലീസ് നേതൃത്വം നൽകി. സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റേയും ജനമൈത്രി സമിതികളുടെയും ആഭിമുഖ്യത്തിലും ശുചീകരണ പരിപാടികൾ നടന്നു.

പോലീസ് ആസ്ഥാനത്തു നടന്ന ശുചീകരണ പരിപാടികൾക്ക് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ നേതൃത്വം നൽകി. ഐ ജി മാരായ ദിനേന്ദ്ര കശ്യപ്, പി വിജയൻ, ഡി ഐ ജി കെ.സേതുരാമൻ, എ എ ഐ ജി തോംസൺ ജോസ്, മറ്റ് ഉന്നത പോലീസ് ഉദ്യോഗസ്ഥർ, ജീവനക്കാർ എന്നിവർ പങ്കെടുത്തു. പോലീസ് ആസ്ഥാനത്ത് ഗാന്ധിജിയുടെ ചിത്രത്തിനു മുന്നിൽ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ പുഷ്പാർച്ചന നടത്തി.

വിവിധ ജില്ലകളിൽ ജില്ലാ പോലീസ് മേധാവിമാർ, യൂണിറ്റുകളിൽ യൂണിറ്റ് മേധാവിമാർ തുടങ്ങിയവരുടെ നേതൃത്വത്തിലായിരുന്നു പരിപാടി.

**ഫോട്ടോ ക്യാപ്ഷൻ:**

1) ഗാന്ധിജയന്തി വാരാഘോഷങ്ങളുടെ ഭാഗമായി പോലീസ് ആസ്ഥാനത്ത് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ ഗാന്ധിജിയുടെ ചിത്രത്തിനു മുന്നിൽ പുഷ്പാർച്ചന നടത്തുന്നു.

2) ഗാന്ധിജയന്തി വാരാഘോഷങ്ങളുടെ ഭാഗമായി പോലീസ് ആസ്ഥാനത്തെ ശുചീകരണ പ്രവർത്തനങ്ങൾക്ക് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ നേതൃത്വം നൽകുന്നു.

********************



